**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 456** **06-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ നികുതി, നികുതിയേതര വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2021 ജൂൺ മുതൽ 2022 നവംബർ വരെയുള്ള കാലയളവിൽ നികുതി, നികുതിയേതര വരുമാനത്തിൽ പ്രതീക്ഷിച്ചതിൽ നിന്നും കുറവ് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിലാണെന്ന് വിശദമാക്കാമോ; | (എ) | 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തുകയും ലഭ്യമായതുമായ സംസ്ഥാനത്തിന്റെ തനത് നികുതി/ നികുതിയേതര വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നികുതി ചോർച്ച തടയുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | ജി.എസ്.ടി. നടപ്പാക്കിയതിനു ശേഷം സംസ്ഥാനത്തു നികുതി ചോർച്ച ഉണ്ടാകുന്നു എന്നതുമായി ബന്ധപ്പെട്ട് പല അവലോകനങ്ങളും സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് നടത്തിയിട്ടുണ്ട്. ജി.എസ്.ടി. പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമാണ്. അതിനാൽ വ്യത്യസ്തവും നൂതനവുമായ രീതിയിലുള്ള നികുതി വെട്ടിപ്പുകളാണ് കണ്ടു വരുന്നത്. അന്തർസംസ്ഥാന സപ്ലൈകൾക്കും ഇൻപുട്ട് ടാക്സ് ന്റെ ആനുകൂല്യം ലഭിക്കുന്നതിനാൽ ഇത് മുതലെടുത്ത് അനധികൃതമായി ഇൻപുട്ട് ടാക്സ് ക്ലെയിം ചെയ്യുന്നതുമൂലമുള്ള നികുതി വെട്ടിപ്പുകൾ ധാരാളമായി കണ്ടെത്തിയിട്ടുണ്ട്. ജി.എസ്.ടി. രജിസ്ട്രേഷൻ പ്രോസസ്സ് ലളിതമാക്കിയതും ചെക്ക് പോസ്റ്റ് സംവിധാനം പൂർണമായും നിർത്തലാക്കിയതും ജി.എസ്.ടി. യുടെ തുടക്കത്തിൽ നികുതി വെട്ടിപ്പിനു കാരണമായിട്ടുണ്ട്. ജി.എസ്.ടി. നിയമത്തിൽ മാറ്റം വരുത്തി കൂടുതൽ കർശന നിബന്ധനകളിലൂടെ ഇത്തരം നികുതി വെട്ടിപ്പുകൾ തടയുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്.<br><br>നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി. നെറ്റ് വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിന് വേണ്ടി വകുപ്പിൽ പ്രത്യക ഡാറ്റ അനാലിറ്റിക് വിഭാഗം |

| | | | |
|---|---|---|---|
| | | | രൂപീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി നികുതിച്ചോർച്ചയുടെ മേഖലകളും വ്യാപാരികളെയും കേന്ദ്രീകരിച്ച എൻഫോഴ്സ്മെന്റ് നടത്താൻ സാധിച്ചിട്ടുണ്ട്.<br><br>വ്യാപാരികൾ മാസാമാസം നടത്തുന്ന വില്പന തങ്ങളുടെ റിട്ടേണുകളിൽ ഉൾപ്പെടുത്തി നിശ്ചിത സമയത്തു തന്നെ ഫയൽ ചെയ്യുന്നു എന്ന് വകുപ്പ് ഉറപ്പു വരുത്തുന്നുണ്ട്. ഇതിനായി വ്യാപാരികളെ അവർ നൽകുന്ന നികുതിയുടെ തോതനുസരിച്ച തരംതിരിച്ച പരിശോധിക്കുന്നു. റിട്ടേൺ ഫയൽ ചെയ്യാൻ താമസിച്ചാൽ ആദ്യപടി എന്ന നിലയിൽ ഫോൺ, ഇ-മെയിൽ, എസ്.എം.എസ്. എന്നീ സംവിധാനങ്ങൾ മുഖേന റിട്ടേൺ ഫയൽ ചെയ്യുവാൻ ഓർമപ്പെടുത്താറുണ്ട്. ശേഷം പിഴ, അസ്സെസ്സ്മെന്റ് നടപടികൾ, ഇന്റലിജൻസ് പരിശോധന എന്നിവ നടത്തുന്നുണ്ട്.<br><br>റിട്ടേൺ, രജിസ്ട്രേഷൻ എന്നീ വിവരങ്ങൾ വിശകലനം ചെയ്ത് അതിൽ നിന്നും തിരഞ്ഞെടുക്കുന്ന വ്യാപാരികളെ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുന്ന നടപടി സ്വീകരിച്ചത് വഴി നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നു. |
| (സി) | ജി.എസ്.ടി.യിൽ നിന്ന് ലഭ്യമാകുന്ന വരുമാനത്തിന്റെ വിഹിതം തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുമെന്ന പ്രഖ്യാപനം പാലിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നാളിതുവരെ ഇപ്രകാരം കൈമാറിയിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | ജി.എസ്.ടി. യിൽ നിന്ന് ലഭ്യമാകുന്ന വരുമാനത്തിന്റെ വിഹിതം തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുമെന്ന പ്രഖ്യാപനം നടത്തിയിട്ടില്ല.<br><br>എന്നാൽ, വിനോദ നികുതിയുടെ 2017-18 ലെ നഷ്ട പരിഹാരം നൽകുമെന്ന് 2018-19 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഇതു പ്രകാരം 2017-18 സാമ്പത്തിക വർഷം ചരക്ക് സേവന നികുതി നിലവിൽ വന്നതിനെ തുടർന്ന് പ്രാദേശിക സർക്കാരുകൾക്ക് വിനോദ നികുതിയിനത്തിൽ ഉണ്ടായ നഷ്ടം 2015-16 ൽ ഗ്രാമ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും പിരിച്ചെടുത്ത വിനോദ നികുതിയും അതിന്റെ 15% -ത്തിനും തുല്യമായ തുകയായ 91,85,91,321/- രൂപ 30.10.2018-ലെ സ.ഉ. (സാധാ.) നമ്പർ 8957/2018/ധന. പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.<br><br>6-ാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ 1-ാം ഭാഗ റിപ്പോർട്ടിലെ 15-ാം നമ്പർ ശിപാർശയിന്മേലുള്ള സർക്കാർ തീരുമാന പ്രകാരം 2020-21 ൽ ചരക്ക് സേവന നികുതി ഏർപ്പെടുത്തിയതിനെ തുടർന്ന് |

| | | | |
|---|---|---|---|
| | | | വിനോദ നികുതിയും പരസ്യനികുതിയും പ്രാദേശിക സർക്കാരുകൾ പിരിക്കുന്നത് നിർത്തലാക്കിയതു വഴി ഉണ്ടായ റവന്യൂ നഷ്ടം 2021-22 ൽ പരിഹരിക്കുന്നതാണ് എന്ന് 08.01.2021-ലെ സ.ഉ. (കൈ.) നമ്പർ 6/2021/ധന. പ്രകാരം ഉത്തരവായിരുന്നു. എന്നാൽ, 2020-21 വർഷത്തിൽ ഭൂരിഭാഗം സമയവും കോവിഡ്-19 മൂലം സിനിമ തീയേറ്ററുകൾ അടഞ്ഞുകിടന്നതിനാൽ വിനോദനികുതി ഗണ്യമായി പിരിച്ചിട്ടില്ല. ആയതിനാൽ 2020-21 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്കുണ്ടായ റവന്യൂ നഷ്ടം 2021-22 ൽ പരിഹരിക്കണമെന്ന തീരുമാനം പ്രാവർത്തികമാക്കേണ്ട എന്ന് 04.11.2022-ലെ സ.ഉ. (സാധാ.) നമ്പർ 7455/2022/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ഇനം | 2021-22 | | 2022-23 | |
|---|---|---|---|---|
| | (തുക കോടിയിൽ) | | | |
| | ബഡ്ജറ്റ് വിഹിതം | ലഭ്യമായത് | ബഡ്ജറ്റ് വിഹിതം | ലഭ്യമായത്* |
| സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം | 71833.28 | 58340.53 | 74097.80 | 39588.55 |
| സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം | 14335.79 | 10462.51 | 11769.55 | 6196.32 |

* 2022 ഒക്ടോബർ വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾപ്രകാരം;

മേൽ വിവരങ്ങളുടെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:- (തുക കോടിയിൽ)

| | 2021-22 | 2021-22 | 2022-23 | 2022-23 |
|---|---|---|---|---|
| | B.E. | Accounts | B.E. | Upto October 2022 |
| GST | 36922.45 | 24169.81 | 36818.28 | 17247.48 |
| Taxes on Agricultural Income | 0.7335 | 0.5 | 0.5598 | 0.12 |
| Land Revenue | 439.9958 | 470.84 | 509.514 | 454.7 |
| Stamps and Registration | 4156.24 | 4857.33 | 4687.405 | 3136.85 |
| Other taxes on property other than Agricultural land | 210.4999 | 159.33 | 200.4999 | 116.28 |
| State Excise | 2700.667 | 2032.23 | 2655.518 | 1597.16 |
| Sales Tax and Vat | 23101.38 | 22487.43 | 24964.65 | 13854.7 |
| Taxes on goods and passengers | 0.0008 | 0 | 0.0008 | 0 |
| Taxes and duties on electricity | 76.9964 | 69.92 | 70.5968 | 36.85 |
| Other Taxes and Duties | 45 | 56.04 | 52.1903 | 17.74 |
| Total State's Own Tax Revenue | 71833.28 | 58340.53 | 74097.8 | 39588.55 |
| State's Own Non-Tax Revenue | 14335.79 | 10462.51 | 11769.55 | 6196.32 |

Riya
സെക്ഷൻ ഓഫീസർ